**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
**. (ഹാജർ: ഡോ.കെ.വാസുകി ഐ.എ.എസ്)**

---

**കെ6-105746/16** **തീയതി: 03.02.2018**

വിഷയം:- പൊന്നുംവില - RFCTLARR ACT 2013 – സാമൂഹിക പ്രത്യാഘാത പഠനം -തിരുവനന്തപുരം അന്താരാഷ്ട്ര വിമാനതാവള വികസനം-എക്സ്പെർട്ട് ഗ്രൂപ്പ്- അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഉത്തരവാകുന്നത് -സംബ.

വായന:1. 29.06.2016 ലെ G.O(P) .377/16/RD നം.സർക്കാർ ഉത്തരവ് (08.07.2016 ലെ 1225-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം).

2.ഈ കാര്യാലയത്തിലെ ലെ 89903/16 നം നടപടിക്രമം

3.എയർപൊർട്ട് ഡയറക്ടരുടെ 11.01.2018 ലെ AAI/APD/LM/2018/174 നം. കത്ത്

4.തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 29.01.2018 ലെ HSC/14/2018 നം. കത്ത്.

The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 ലെ 7(1) വകുപ്പിലെ പരാമർശ പ്രകാരമുള്ള 'എക്സ്പെർട്ട് ഗ്രൂപ്പിനെ നിയമിക്കുന്നത് സംബന്ധിച്ച് വായന(1) സർക്കാർ ഉത്തരവിൽ ഓരോ പൊന്നുംവില നടപടിയിലും 7 അംഗങ്ങളടങ്ങിയ എക്സ്പെർട്ട് ഗ്രൂപ്പിനെ നിയമിക്കുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന 'നോൺ ഒഫിഷ്യൽ സോഷ്യൽ സയിന്റിസ്റ്റ് , 'എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ' വിഭാഗങ്ങളിൽ രണ്ട് പേരെ വീതം ജില്ലാകളക്ടർ വായന (2) നടപടിക്രമപ്രകാരം നാമനിർദ്ദേശം ചെയ്ത് ഉത്തരവായിട്ടിണ്ട്. എക്സ്പെർട്ട് ഗ്രൂപ്പിലെ മറ്റ് മൂന്ന് അംഗങ്ങളിൽ രണ്ട് പേർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും (ഒരു വനിത ഉൾപ്പെടെ) ഒരാൾ പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധനും (അർത്ഥനാധികാരിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്ന ആൾ) ആയിരിക്കണമെന്ന് വായന (1) ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്..കൂടാതെ ഇതിൽ ഒരാളെ എക്സ്പെർട്ട് ഗ്രൂപ്പിന്റെ ചെയർമാനായി ജില്ലാകളക്ടർ നാമനിർദ്ദേശം ചെയ്യേണ്ടതുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനതാവള വികസനം സംബന്ധിച്ച പൊന്നുംവില നടപടിയിൽ സാമൂഹിക ആഘാത പഠന യൂണിറ്റ് സമർപ്പിച്ച പഠനറിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന എക്സ്പെർട്ട് ഗ്രൂപ്പിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നതിനായി വായന (3), (4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധികളുടേയും പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധന്റേയും പേരുകൾ ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനതാവള വികസനം സംബന്ധിച്ച പൊന്നുംവില നടപടിയിൽ സാമൂഹിക ആഘാത പഠന യൂണിറ്റ് സമർപ്പിച്ച പഠനറിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിക്കുന്ന എക്സ്പെർട്ട് ഗ്രൂപ്പിലേയ്ക്ക് വായന (2) പ്രകാരം നാമനിർദ്ദേശം ചെയ്ത 4 പേർ ഉൾപ്പെടെ 7 പേരെ നാമനിർദ്ദേശം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് & അഡ്രസ്സ് | വിഭാഗം |
|---|---|---|
| 1 | ഡോ.പി.കെ ഭാസ്ക്കരൻ നായർ<br>(ഡോ.പി.കെ.ബി നായർ)<br>സോഷ്യോളജി പ്രൊഫസർ(റിട്ട)<br>യൂണിവേഴ്സിറ്റി ഓഫ് കേരള<br>അശ്വതി,ടെമ്പിൾ റോഡ്<br>കൊച്ചുള്ളൂർ,മെഡിക്കൽകൊളേജ്<br>Mob: 9037668530 | നോൺ ഒഫിഷ്യൽ സോഷ്യൽ സയിന്റിസ്റ്റ് |
| 2 | പ്രൊ.താരാഭായി<br>സോഷ്യോളജി പ്രൊഫസർ(റിട്ട)<br>മധുരൈ കാമരാജ് യൂണിവേഴ്സിററി<br>II A,GIA Classic,UR NO.2<br>ഉപ്പളം റോഡ്,തിരുവനന്തപുരം-2<br>Mob:9496174262 | നോൺ ഒഫിഷ്യൽ സോഷ്യൽ സയിന്റിസ്റ്റ് |
| 3 | ശ്രീ.എസ്.ഇന്ദുകലാധരൻ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട).<br>ഹൗസ്.നം.5<br>എം.എസ്.പി നഗർ<br>തിരുമല പി.ഒ<br>Mob:9847443300 | എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ |
| 4 | ശ്രീ.എസ്.ശംഭുദേവൻ നായർ<br>ഡെപ്യൂട്ടി കളക്ടർ (റിട്ട)<br>കൃഷ്ണ<br>ഊരുപൊയ്ക പി.ഒ<br>ആറ്റിങ്ങൽ.<br>Mob:9349328966 | എക്സ്പെർട്സ് ഓൺ റീഹാബിലിറ്റേഷൻ |
| 5. | ശ്രീ.കെ.ശ്രീകുമാർ<br>കൗൺസിലർ , ചാക്ക വാർഡ് & ചെയർമാൻ ,<br>ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി<br>തിരുവനന്തപുരം നഗരസഭ<br>Mob:9447451472 | പ്രതിനിധി തദ്ദേശ സ്വയംഭരണ സ്ഥാപനം |

| | | |
|---|---|---|
| 6. | ശ്രീമതി.ഷാജിത നാസർ<br>കൗൺസിലർ , വള്ളക്കടവ് വാർഡ്<br>തിരുവനന്തപുരം നഗരസഭ<br>Mob:9895673019 | പ്രതിനിധി<br>തദ്ദേശ സ്വയംഭരണ സ്ഥാപനം |
| 7. | ശ്രീ.ഡി.ജയിംസ്<br>അസി.ജനറൽമാനേജർ<br>എൻജിനിയറിംഗ്(സിവിൽ/ലാന്റ്<br>മാനേജ്മെന്റ്)<br>എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ<br>Mob:9446340121 | ടെക്നിക്കൽ എക്സ്പെർട്ട് |

ആയതിൽ ശ്രീ .എസ്.ഇന്ദുകലാധരൻ,ഡെപ്യൂട്ടി കളക്ടർ(റിട്ട) നെ എക്സ്പെർട്ട് ഗ്രൂപ്പിന്റെ ചെയർപേഴ്സണായി നാമനിർദ്ദേശം ചെയ്തും ഉത്തരവാകുന്നു.

(ഒപ്പ്)

**ജില്ലാ കളക്ടർ**

ബന്ധപ്പെട്ട വ്യക്തികൾക്ക്

പകർപ്പ്:

അഡീഷണൽ ചീഫ് സെക്രട്ടറി ,റവന്യൂ(ആമുഖ കത്ത് സഹിതം)
ലാന്റ് റവന്യൂ കമ്മീഷണർ (ആമുഖ കത്ത് സഹിതം)
എൻ.ഐ.സി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ എൽ.എ.ഒ മാർക്കും
ജില്ലാ കളക്ടറുടെ സി.എ
കെ3,കെ4,കെ5,കെ13 സീറ്റുകൾക്ക്
സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

# തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്.

## അംഗങ്ങൾ

1. ശ്രീ.കെ.ശ്രീകുമാർ : കൗൺസിലർ ചാക്ക വാർഡ് & ചെയർമാൻ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, തിരുവനന്തപുരം നഗരസഭ

2. ശ്രീമതി.ഷാജിതാനാസർ : കൗൺസിലർ വള്ളക്കടവ് വാർഡ്, തിരുവനന്തപുരം നഗരസഭ

3. ശ്രീ.ഡി.ജെയിസ് : അസിസ്റ്റന്റ് ജനറൽ മാനേജർ, എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ

4. ഡോ.പി.കെ.ഭാസ്കരൻ നായർ : സോഷ്യോളജി പ്രൊഫസർ (റിട്ട) കേരള യൂണിവേഴ്സിറ്റി.

5. ശ്രീമതി.ഡോ.എൽ.താരാഭായി : സോഷ്യോളജി പ്രൊഫസർ (റിട്ട) മധുര കാമരാജ് യൂണിവേഴ്സിറ്റി

6 ശ്രീ.എസ്.ശംഭുദേവൻ നായർ : ഡെപ്യൂട്ടി കളക്ടർ, (റിട്ട)

7 ശ്രീ.എസ്.ഇന്ദുകലാധരൻ : ഡെപ്യൂട്ടി കളക്ടർ, (റിട്ട) & ചെയർമാൻ, വിദഗ്ധ സമിതി

## സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സംഘത്തിന്റെ വിലയിരുത്തലും ശിപാർശകളും.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രണ്ടാം ടെർമിനലിന്റെ രണ്ടാം ഘട്ട വികസനത്തിനായി തിരുവനന്തപുരം നഗരസഭ ചാക്ക വാർഡിലെ വയ്യാമൂല പ്രദേശത്തുള്ള (തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിലെ) താഴെ പറയുന്ന സർവ്വേ നമ്പരുകളിൽപ്പെട്ട ഏകദേശം 18 ഏക്കർ ഭൂമിയാണ് പൊന്നുംവിലയ്ക്ക് എടുക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

**താലൂക്ക്** : **തിരുവനന്തപുരം**

**വില്ലേജ്** : **പേട്ട**

| ക്രമനം. | സർവ്വേ നം. | വിസ്തീർണ്ണം (സെന്റ്) |
|---|---|---|
| 1. | 214 Pt | 51 |
| 2. | 215 Pt | 11 |
| 3. | 216 Pt | 95 |
| 4. | 217 | 49 |
| 5. | 218 | 10 |
| 6. | 219 | 14 |
| 7. | 220 | 13 |
| 8. | 221 | 44 |
| 9. | 222 | 36 |
| 10. | 223 | 37 |
| 11. | 224 | 12 |
| 12. | 225 | 44 |
| 13. | 226 | 04 |
| 14. | 233 | 300 |
| 15. | 388 | 10 |
| 16. | 389 | 22 |
| 17. | 390 | 04 |

| | | |
|---|---|---|
| 18. | 391 | 03 |
| 19. | 392 | 16 |
| 20. | 393 | 46 |
| 21. | 394 | 25 |
| 22. | 395 | 31 |
| 23. | 408 | 45 |
| 24. | 410 | 30 |
| 25. | 411 | 310 |
| 26. | 412 | 35 |
| 27. | 413 | 4 |
| 28. | 414 | 3 |
| 29. | 415 | 36 |
| 30. | 416 | 226 |
| 31. | 417 | 196 |
| 32. | 418 | 75 |
| 33. | 419A | 19 |
| 34. | 419B | 05 |
| 35. | 420 | 42 |
| 36. | 421 | 29 |
| 37. | 422 | 25 |
| 38. | 423 | 36 |
| 39. | 424 | 04 |
| 40. | 425B | 168 |

ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച ജില്ലാതല സാമൂഹികാഘാത വിലയിരുത്തൽ പഠന യൂണിറ്റായ **തിരുവനന്തപുരം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്** തയ്യാറാക്കി നൽകിയ പഠന റിപ്പോർട്ട്, ബഹുമാനപ്പെട്ട ജില്ലാ കളക്ടർ രൂപീകരിച്ച വിദഗ്ധ സമിതി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കുകയും, തുടർന്ന് വിദഗ്ധ സമിതി അംഗങ്ങൾ പദ്ധതി പ്രദേശം

സന്ദർശിക്കുകയും, യോഗങ്ങൾ ചേർന്ന് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും, നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന തരത്തിൽ തന്നെയാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് വിലയിരുത്തുകയും ചെയ്തു.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ അനുദിനം വർദ്ധിച്ചു വരുന്ന വ്യോമയാനങ്ങളുടെയും യാത്രക്കാരുടെയും എണ്ണവും അതിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും കണക്കാക്കുമ്പോൾ നിലവിലെ നിർദ്ദേശ പ്രകാരമുള്ള ഈ 18 ഏക്കർ ഭൂമി ഏറ്റെടുക്കുക വഴി ഇപ്പോഴുള്ള സൗകര്യങ്ങൾ കുറേക്കൂടി വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണെന്നും അതിനാൽ തന്നെ ഈ ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും, ഇതു മൂലം ആഭ്യന്തര അന്താരാഷ്ട്ര യാത്രക്കാർക്ക് വളരെയേറെ പ്രയോജനം ഉണ്ടാകുമെന്നുമുള്ള എയർപോർട്ട് അതോറിറ്റിയുടെ ഗ്രൂപ്പ് പ്രതിനിധിയുടെ അഭിപ്രായം വിലയിരുത്തി വിദഗ്ധ സംഘം അംഗീകരിച്ചു.

ഈ പദ്ധതിയ്ക്കായി സമീപ പ്രദേശങ്ങളിൽ അനുയോജ്യമായ മറ്റൊരു സ്ഥലവും ലഭ്യമല്ലായെന്നും ടെർമിനലിനോട് ചേർന്ന് കിടക്കുന്ന നിർദ്ദിഷ്ട ഭൂമി തന്നെയാണ് ഏറ്റവും അനുയോജ്യമെന്നും പ്രസ്തുത സ്ഥലം ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നുമുള്ള പഠന സംഘത്തിന്റെ അഭിപ്രായത്തോട് വിദഗ്ധ സമിതി പൂർണ്ണമായും യോജിച്ചു.

മാറ്റി പാർപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടേയും, ഭൂമി നഷ്ടപ്പെടുന്ന വ്യക്തികളുടെയും കഷ്ടതകളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സമൂഹത്തിനുണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണെന്നും വിദഗ്ധ സംഘം വിലയിരുത്തി.

**ഈ സാഹചര്യത്തിൽ പ്രസ്തുത 18 ഏക്കർ ഭൂമി വിമാനത്താവള വികസനത്തിനായി ഏറ്റെടുക്കാവുന്നതാണെന്ന് വിദഗ്ധ സംഘം ശിപാർശ ചെയ്യുന്നു.**

ഇതിനോടൊപ്പം തന്നെ താഴെപ്പറയുന്ന വിഷയങ്ങളിൽ സർക്കാർ തലത്തിൽ സമുചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും സംഘം ശിപാർശ ചെയ്യുന്നു.

1. പദ്ധതി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം അടിയന്തിരമായി കണ്ടെത്തി ഏറ്റെടുത്ത് തുടർ നടപടികൾ സ്വീകരിക്കുക.

2. ചാക്കയിൽ നിന്നും വള്ളക്കടവ് ബോട്ട് ഹൗസ് പ്രദേശത്തേയ്ക്കുള്ളതും ഏറ്റെടുക്കുന്ന ഭൂമിക്കുള്ളിൽ വരുന്നതുമായി റോഡിന് പകരം, ഏറ്റെടുക്കുന്ന ഭൂമിക്ക് പുറത്തായിതുടർന്നും റോഡ് ഗതാഗതത്തിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിഗണിക്കുക.

3. ഭൂമിയുടെ നഷ്ടപരിഹാര നിർണ്ണയം നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ സർക്കാർനയങ്ങൾ പാക്കേജ് എന്നിവയ്ക്ക് അനുസൃതമായി കാലതാമസം കൂടാതെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകുക.

5. നഷ്ടപരിഹാരത്തുക വിതരണം സംബന്ധിച്ച് സുതാര്യത ഉറപ്പു വരുത്തുക.

06.03.18

**ചെയർമാൻ**
**വിദഗ്ധ സമിതി**